# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

05.03.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1182

**ഓഖി ദുരന്തം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| | ഓഖി ദുരന്തത്തെത്തുടർന്ന് മത്സ്യബന്ധന മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | | ഓഖി ദുരന്തത്തെ തുടർന്ന് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു. കൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികളുണ്ടെങ്കിൽ അവർക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്.<br><br>കാണാതായവർക്ക് മരണപ്പെട്ടവരുടെ അതേ നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമെടുക്കുകയും അതിൽ നിലവിലുള്ള നിയമതടസ്സങ്ങൾ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റിയെ നിയമിക്കുകയും റിവ്യൂ ചെയ്യുകയും 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ നഷ്ടപരിഹാര തുക ലഭ്യമാകുന്നതുവരെ പ്രതിമാസം 10000 രൂപ വീതം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000/- രൂപ വീതം അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.<br><br>മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകളെ ആശ്രയിച്ച കഴിഞ്ഞിരുന്ന തൊഴിലാളികളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിലുറപ്പാക്കുന്നതിനായി 80 മത്സ്യബന്ധന യൂണിറ്റുകൾ നൽകുന്നതിന് 9.88 കോടി രൂപയുടെ ഭരണാനുമതി നല്കികഴിഞ്ഞു<br><br>ഓഖി ദുരന്ത ബാധിതരുടെ ഓരോ കുടുംബത്തിനും അവരുടെ പ്രത്യേക സാഹചര്യത്തിന് അനുസരിച്ച് 'ഫാമിലി ബെയ്സ്ഡ് പ്ലാൻ' തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br><br>ആശ്വാസ നടപടിയുടെ ആദ്യപടിയായി തിരുവനന്തപുരം ജില്ലയിലെ 26852 മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ നിരക്കിൽ 53704000/- രൂപ വിതരണം ചെയ്തിരുന്നു. കൂടാതെ ഇവരുടെ മാനസിക പ്രശ്നങ്ങൾക്ക് പരിഹാരമായി ആരോഗ്യ വകുപ്പും ദുരന്ത നിവാരണ വകുപ്പുമായി ചേർന്ന് സൈക്കോ സോഷ്യൽ കൗൺസിലിംങ് കൊടുക്കുവാൻ നടപടി സ്വീകരിച്ച വരുന്നു.<br><br>തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേതാണെന്നും തീരുമാനിച്ചിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ |

| | | | |
|---|---|---|---|
| | | | പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിയ്ക്കായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ 2018- 19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മത്സ്യത്തൊഴിലാളികളുടെയും തീരദേശത്തിന്റെയും സമഗ്ര വികസനത്തിന് സഹായകമായ 2000 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 10 കോടി രൂപ വിശദമായ രേഖ തയ്യാറാക്കാൻ വകയിരുത്തിയിട്ടുണ്ട്.<br><br>ഓഖി ദുരന്തത്തിനു സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കടലിൽ പോകുകയും, തിരികെ വരികയും ചെയ്യുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്റർ(NIC) യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം നടന്നുവരുന്നു. അത് ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.<br><br>കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിനും അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ കടലിൽ പരമാവധി 50 കിലോമീറ്റർ പരിധിവരെ മാത്രമേ കരയിൽ നിന്നുള്ള വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗിച്ച് 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിക്കുകയും ISRO വികസിപ്പിച്ച 'നാവിക്' ഉപകരണത്തിന്റെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അകപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് ഉതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്' ഉപകരണങ്ങൾ കെൽട്രോൺ വഴി ISRO യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>അതുപോലെ കാലാവസ്ഥ സംബന്ധിച്ചും കടലിന്റെ പ്രക്ഷുബ്ധാവസ്ഥ സംബന്ധിച്ചും മത്സ്യലഭ്യത സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദരാബാദിലെ INCOIS-മായി 24/10/2017-ന് ധാരണാപത്രം മത്സ്യവകുപ്പ് ഒപ്പുവെച്ചിട്ടുണ്ട്. അതനുസരിച്ച് 145778 മത്സ്യത്തൊഴിലാ |

| | | | |
|---|---|---|---|
| | | | ളികളുടെ മൊബൈൽ നമ്പറുകൾ INCOIS -ന് കൈമാറി യിട്ടു ണ്ട്.<br><br>കൂടാതെ യാനങ്ങളുടെ സഞ്ചാരപാത കരയിലി രുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോ മാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 260 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടു ണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്. ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധ മായും കൊണ്ടു പോകണമെന്ന് നിർദ്ദേശിച്ചിട്ടു ണ്ട്.<br><br>കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴി ലാളികൾക്ക് അടിയന്തിര വൈദ്യസഹായം എത്തിക്കുന്നതിനും അവരെ കഴിയുന്നത്ര വേഗം കരയിൽ എത്തിക്കുന്നതിനും 3 മറൈൻ ആംബുലൻസ് നിർമ്മിച്ചുതരുന്നതിന് കൊച്ചി കപ്പൽശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസി ക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്ന തിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴി ലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യ ത്തൊഴിലാളികളെ ദുരന്തപ്രതിരോധം സംബന്ധിച്ച് ബോധവത്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ